PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969.

Tuesday, the 12th August 1969.

VoL. XXV] OFFICIAL REPORT [No. 7

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 12th August, 1969, with Mr. Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

(a) Oral Answers

മീൻപിടിത്ത തൊഴിൽ

* 85. [257] ശ്രീ. എൻ. കണപതി : കിഴ് കാണും വിങ്ക്കങ്ങൾക്കു പഞ്ചായത്തു മന്ത്രി അവർകൾ വിടെ പകർവാർക്കളാക :

(എ) അണ്ണമയിൽ താങ്കൾ പത്രിരികൈ നിരുപർകൾ കൂട്ടത്തിൽ പേസിയ പോതു മീൻപിടിത്ത തൊഴിൽ വളർച്ചിക്കാക പല കോടി രൂപായ് ചെലവിൽ ഒരു മാപെരും തിട്ടം തീട്ടപ്പട്ടുൾളതു എൻറു കൂറിയതു കാലഞ്ചെൻറ തിരു. അകമതു കുരിക്കൽ അവർകൾ കാലത്തിൽ ചമർപ്പിക്കപ്പട്ട തിട്ടമാ;

(ബി) അല്ലതു പുതിയ ഏതാവതു തിട്ടമാ;

(സി) അത്തിട്ടത്തിൻ മൊത്തച് ചെലവു എവ്വളവു;

(ഡി.) ആണ്ടുതോറും അത്തിട്ടത്തിർകാക എവ്വളവു ചെലവാക്കപ്പടും എൻറു വകുക്കപ്പട്ടുൾളതു;

അത്തിട്ടം മുഴുവതും നടൈമുറൈയിൽ വരുംപോതു വരുമാനത്തിൽ എവ്വളവു കൂടും എൻറു കണക്കിടപ്പട്ടുൾളതു എൻറു കൂറലാമാ;

പഞ്ചായത്തും സാമൂഹ്യവികസനവുംമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി) :

(എ) ങതെ

(ബി) അല്ല

(സി) 305·92 കോടിരൂപ

(ഡി) മാസ്റ്റർപ്ലാൻ 20 കൊല്ലംകൊണ്ടു് നടപ്പിൽവരുത്താനാണു് ഉദ്ദേശിക്കുന്നതു്. നാലു് പഞ്ചവത്സരപദ്ധതിക്കാലംകൊണ്ടു് ആണു് ടി സംഖ്യ ചെലവു ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മാസ്റ്റർപ്ലാൻ മുഴുവൻ നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തിൽ ഒരു വർഷത്തിൽ ഇപ്പോൾ ലഭിക്കുന്ന 3·5 ലക്ഷം ടൺ മത്സ്യം 14 ലക്ഷം ടണ്ണായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. 1969 അവസാനത്തോടുകൂടി ഇപ്പോൾ ലഭിക്കുന്ന 7 കോടി രൂപ വിലയുള്ള മത്സ്യത്തിനുപകരം 35-നും 40-നും ഇടയിൽ കോടിരൂപാ വിലയുള്ള മത്സ്യവും ഇപ്പോൾ ലഭിക്കുന്ന 20 കോടി രൂപാ വിദേശനാണയത്തിനു പകരം 170 കോടി രൂപാ വിദേശനാണയവും ലഭിക്കുന്നതാണു്.

ശ്രീ. എൻ. കണപതി: സർ, இந்தத் திட்டம் கடலில் மீன் பிடிப்பது மட்டுமா; அல்லது தேக்கடி, மலம்புழை காயலில் உள்ளதும் இதில் படுமா?

ശ്രീ, കെ. അവുക്കാദർകുട്ടിനഹ ഹാജി: കടലും കായലും എല്ലാംകൂടെ ചേർത്തുള്ളതാണു്.

ശ്രീ. എൻ. കണപതി: സർ, മലമ്പുഴ, തേക്കടി. ഇവ്വിരണ്ടും ഇതിൽ ഉൾപ്പെടുമാ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: എല്ലാം ഉൾപ്പെട്ടും.

ശ്രീ. എൻ. കണപതി: സർ, மத்திய சர்க்கார் இந்த ஸ்கீமை அப்ரூவ் செய்யப் பட்டுள்ளதா?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: സ്കീം അപ്രൂവു് ചെയ്തിട്ടില്ല. കേന്ദ്രഗവണ്മെൻറിനു് സമർപ്പിക്കാൻ പോകുന്നതേയുള്ളു.

ശ്രീ. ജെ. കമാലിയാസു് മൊറായിസു്: ഈ മാസ്റ്റർപ്ലാൻ നടപ്പിലാക്കാൻ ഗവണ്മെൻറു് എന്തെല്ലാം നടപടികളാണു് സ്വീകരിച്ചിട്ടുണ്ടു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: പ്ലാനിൻറെ അവസാനരൂപമായിക്കഴിഞ്ഞിട്ടുണ്ടു്. അതു നടപ്പിലാക്കിയിട്ടില്ല. ഈ മാസംതന്നെ കേന്ദ്രഗവണ്മെൻറിനു സമർപ്പിക്കണമെന്നുള്ളതാണു് ഉദ്ദേശം.

ശ്രീ. ജെ. കമാലിയാസു് മൊറായിസു്: ഈ മാസ്റ്റർപ്ലാനിൻറെ ഓരോ പ്രതി മെമ്പറന്മാർക്കു് വിതരണംചെയ്യുകയോ മേശപ്പുറത്തുവയ്ക്കുകയോ ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഈ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞതിനു ശേഷം മെമ്പറന്മാർക്കു് വിതരണംചെയ്യുന്നതാണു്.

ശ്രീ. ഇ. അഹമ്മദു്: ഈ പദ്ധതിക്കു് കേന്ദ്രവിഹിതം എത്രയായിരിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്, എത്രതുകയാണു് നാം ആവശ്യപ്പെട്ടിട്ടുള്ളതു്?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: മുഴുവൻ തുകയും കേന്ദ്രഗവണ്മെൻറു തരണമെന്നുള്ളതാണു് നമ്മുടെ ആവശ്യം.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഈ മാസ്റ്റർപ്ലാൻ ഫിഷറീസു് ടെക്നോളജി, റിസർച്ചു് മുതലായവയ്ക്കു് മുൻഗണനകൊടുത്തുകൊണ്ടുള്ളതാണോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അതിനു് പ്രത്യേക സംഖ്യ നീക്കിവച്ചിട്ടുണ്ടു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: ഗവേഷണത്തിനോ മറ്റോ ഉതകുന്ന എന്തെങ്കിലും പരിപാടി ഇതിൽ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: ഉണ്ടു്.

ശ്രീ. പി. പി. വിൻസൺ: ഇപ്പോഴുള്ള ഫിഷറീസ്കാർപ്പറേഷനു് ഈ പ്ലാനനുസരിച്ചുള്ള സ്ഥാനമെന്താണെന്നു് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : ഈ പ്ലാൻ അംഗീകരിച്ചുകഴിഞ്ഞാൽ അതിന്റെ മേജർ പ്രവർത്തനങ്ങൾ കാർപ്പറേഷനാണ് നടത്തുന്നത്.

ശ്രീ. കെ. കരുണാകരൻ : ഈ പ്ലാൻ കേന്ദ്രഗവണ്മെന്റിനു സമർപ്പിക്കുന്നതിനു മുമ്പായി ഏതെങ്കിലും അനൗദ്യോഗിക വിദഗ്ദ്ധന്മാരുമായി ചർച്ചചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : അനൗദ്യോഗികവിദഗ്ദ്ധന്മാരുമായും നമ്മുടെ പ്ലാനിംഗ് ബോർഡുമായും ആലോചിച്ചുകഴിഞ്ഞതിനുശേഷമാണ് ഇതു തയ്യാറാക്കിയിട്ടുള്ളതു്.

ശ്രീ. പി. പി. വിത്സൺ: ഇന്നുനടക്കുന്ന മത്സ്യസംഹാരത്തിനു് എന്തെങ്കിലും പരിപാടി നിർദ്ദേശിച്ചിട്ടുണ്ടോ ?

മി. സ്പീക്കർ: സംഹാരമെന്നുപറഞ്ഞാൽ എന്താണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. പി. വിത്സൺ: സംഹാരമെന്നുപറയുന്നതു്, മത്സ്യത്തെ ഉന്മൂലനാശം വരുത്തുന്നനിലയിലുള്ള പ്രവർത്തനം. അതിനു് എന്തെങ്കിലും പരിഹാരനിർദ്ദേശം ഈ പദ്ധതിയിലുണ്ടോ എന്നാണു് ചോദ്യം .

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി: അങ്ങനെ ഉന്മൂലനാശംവരുത്തുകയാണെങ്കിൽ നമ്മുടെ പദ്ധതികൊണ്ടുള്ള പ്രയോജനമുണ്ടാകുകയില്ല.

ശ്രീ. പി. പി. വിത്സൺ : മറ്റുരാജ്യങ്ങളിൽ ഇതിനു് ഒരു പ്രതിവിധിയായി പ്രായപൂർത്തിയാകാത്ത മത്സ്യത്തെ പിടിക്കരുതെന്നു് ചില വ്യവസ്ഥകളുണ്ടാക്കിയിട്ടുണ്ടു്. അതിന്റെ ഉദ്ദേശം മത്സ്യം പരിപൂർണ്ണമായി നശിച്ചുപോകാതിരിക്കുകയെന്നുള്ളതാണു്. ഇതുപോലുള്ള എന്തെങ്കിലും പരിപാടി മാസ്റ്റർപ്ലാൻ നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : റിസർച്ചുവിഭാഗത്തിനു് പ്രത്യേകമായ അലോട്ടുമെന്റുണ്ടു്. അതിൽപ്പെടുന്ന സംഗതികളാണു് ഇതെല്ലാം.

ശ്രീ. ഇ. ജോൺ ജേക്കബ്ബു് : ഇതിൽ വലിയതരം ഫിഷിംഗ് ബോട്ടുകളുണ്ടാക്കാൻ എന്തെങ്കിലും പ്ലാനുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : പ്രത്യേക മെഷീനുകളും ബോട്ടുകളുമുണ്ടാക്കാനുള്ള സ്ഥാപനങ്ങളും ഇവിടെ സ്ഥാപിക്കാൻ ഏർപ്പാടുകളുണ്ടു്.

ശ്രീ. പി. ഗംഗാധരൻ : ഈ പദ്ധതി സെൻട്രൽ ഗവണ്മെന്റിനു സമർപ്പിക്കുന്നതിനുമുമ്പോ അതിനുശേഷമോ മത്സ്യത്തൊഴിലാളിസംഘടനകളുടെ പ്രതിനിധികളുമായി കൂടിയാലോചിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജി : തീർച്ചയായും. തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളും അവരുമായി ആലോചിക്കുന്നതിൽ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly